(ബി) ഭക്ഷ്യവസ്തുക്കളിലെ വിഷാംശം കാരണം രോഗബാധയുണ്ടാകുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറി, മാംസം എന്നിവ പരിശോധിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭക്ഷ്യവസ്തുക്കളിലെ വിഷാംശവും പലതരത്തിലുള്ള രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള മൂന്ന് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പച്ചക്കറികളിലുള്ള കീടനാശിനികൾ പരിശോധിക്കാനുള്ള സംവിധാനങ്ങളില്ല. എന്നാൽ കടകമ്പോളങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകളിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറി സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാംസം പരിശോധിക്കുന്നതിനുള്ള സംവിധാനം ഭക്ഷ്യസുരക്ഷാ ലാബുകളിലില്ല.

ആശ്രിതനിയമന പദ്ധതിപ്രകാരം രാഗേഷ് സി. ആർ സമർപ്പിച്ച അപേക്ഷ

78 (2629) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിതനിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് രാഗേഷ് സി.ആർ. സമർപ്പിച്ച അപേക്ഷയിന്മേൽ, G.O(MS) No.251/2013/H&FWD പ്രകാരം തൃശ്ശൂർ ജില്ലയിൽ നിയമനം നൽകുന്നതിന് ഉത്തരവ് നൽകിയിരുന്നുവോ ;

(ബി) ഇതുവരെയും രാഗേഷിന് നിയമനം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇദ്ദേഹത്തിന് നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഇദ്ദേഹത്തിന് നിയമനം നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രീ. രാഗേഷ് സി.ആർ.-ന് ആരോഗ്യ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ എൽ.ഡി. ക്ലാർക്ക് ആയി നിയമനം നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മുൻഗണനാക്രമം പാലിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ ടിയാന് പ്രത്യേക നിയമന ഉത്തരവ് നൽകുന്നതാണ്.

(സി) ആശ്രിത നിയമന പദ്ധതി പ്രകാരം മുൻഗണനാക്രമം അനുസരിച്ച് മാത്രമേ നിയമനം നൽകുവാൻ കഴിയുകയുള്ളൂ.

(ഡി) ഇദ്ദേഹത്തിന് സീനിയോറിറ്റി ക്രമമനുസരിച്ച് നിയമനം നടത്തുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ആശുപത്രികളിലെ ജീവനക്കാരുടെ ഒഴിവുകൾ

79 (2630) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് സ്ഥാപനാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവു വിവരങ്ങൾ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :

താലൂക്കാശുപത്രി, പയ്യന്നൂർ

1. ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) - 1
2. ജൂനിയർ കൺസൾട്ടന്റ് (ഒ & ജി) - 2
3. കൺസൾട്ടന്റ് (ഒ & ജി) - 1